**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **23-02-2022 - ൽ മറുപടിയ്ക്ക്**

**ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് അടച്ചു പൂട്ടിയ എൻ.ടി.സി.യുടെ കീഴിലുള്ള അളഗപ്പ ടെക്സ്റ്റയിൽസ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുമോ; | (എ) | കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചു പൂട്ടിയ എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിയ്ക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് സംസ്ഥാന വ്യവസായ വകുപ്പ മന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09.08. 2021ൽ കത്ത് അയയ്ക്കുകയും, കൈത്തറി മേഖലയിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17.11.2021ൽ മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും ചെയ്തു. ഈ വിഷയത്തിൽ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിൽ നിന്നു 12.01.2022ൽ മറുപടി ലഭിയ്ക്കുകയും 2022 മുതൽ സംസ്ഥാനത്തെ ചില എൻ.ടി.സി മില്ലുകളുടെ പ്രവർത്തനവും ഉത്പാദന പ്രവർത്തനവും പുനരാരംഭിച്ചിട്ടുണ്ടെന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | എൻ.ടി.സി. ഏറ്റെടുത്തെങ്കിലും പ്രവർത്തനം നിലച്ച സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിനോ ആയതിന് എൻ.ടി.സി. തയ്യാറായില്ലെങ്കിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിൽ സംസ്ഥാനത്തു പ്രവർത്തിച്ചിരുന്നതും കോവിഡിനെ തുടർന്ന് പ്രവർത്തനം നിലച്ചതുമായ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രിയ്ക്ക് മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും, 2022 മുതൽ സംസ്ഥാനത്തെ എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രി മറുപടി നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ